**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6138** **04.07.2019-ലെ മറുപടിക്ക്**

**'കാലഹരണപ്പെട്ട ജന്മി-കുടിയാൻ വ്യവസ്ഥ'**

**ചോദ്യം**
**ശ്രീ. എം.ഉമ്മർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 1964-ലെ ഭൂപരിഷ്കരണ നിയമത്തിലെ ജന്മി-കുടിയാൻ വ്യവസ്ഥ അവസാനിപ്പിച്ച് കുടിയാന് ഭൂമിയിൽ ജന്മാവകാശം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥയുടെ അപ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 1964-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72 പ്രകാരം, 01/04/1964-ന് മുമ്പ് ജന്മി കുടിയാൻ വ്യവസ്ഥയിൽ പാട്ട ബന്ധത്തോടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്തു വന്നിരുന്ന നടപ്പ് കുടിയാന്മാർ കൈവശം വച്ചിരുന്ന ഭൂമി പ്രസ്തുത 01/01/1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. നടപ്പ് കുടിയാന്റെ നിയമാനുസൃത അവകാശവും അർഹതയും പരിശോധിച്ച് അവർക്ക് തന്നെ പതിവ് നൽകി ക്രയ സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. ഈ നടപടി ഇപ്പോഴും 01/01/1970 മുതൽ നടന്നുവരുന്നതും ലക്ഷക്കണക്കിനാളുകൾക്ക് ജന്മാവകാശം നൽകിയതും 01/01/1970-ൽ കുടിയാന്മ സ്ഥിരതയ്ക്കാർഹമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കി കൊണ്ടുള്ള 72-ാം വകുപ്പും അനുബന്ധമായി ചേർത്തിട്ടുള്ള എ മുതൽ എസ് വരെയുള്ള വകുപ്പുകളും നടപടികൾ ലളിതമാക്കുവാനും കൃത്യതയോടെ നടത്തുന്നതിനും സഹായകമാണ്. ചട്ടങ്ങളിലും അപ്രയോഗികമായ നടപടിക്രമങ്ങൾ ഇല്ലാത്തതാണ്. |
| (ബി) | പ്രസ്തുത വ്യവസ്ഥ പ്രകാരം ജന്മിമാരിൽ നിന്നും പട്ടയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | പാട്ടവ്യവസ്ഥയിൽ കുടിയാന്മാർ കൈവശം വച്ച് കൃഷി ചെയ്തിരുന്ന കുടിയാന്മാർക്ക് സ്ഥിരത നൽകി ക്രയസർട്ടിഫിക്കറ്റ് നൽകുന്ന നടപടി 01/04/1964 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമികളെല്ലാം 01/01/1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ടി ഭൂമികൾ നിയമാനുസൃതമായി അർഹതയും അവകാശവും പരിശോധിച്ച് കുടിയാന്മാർക്ക് ലാൻഡ് ട്രൈബ്യൂണലുകൾ വഴി പതിച്ച് നൽകുന്നു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലും അതിൻ കീഴിലെ ചട്ടങ്ങളിലും പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാണ് ഈ നടപടികൾ നിർവ്വഹിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വ്യവസ്ഥ കാലഹരണപ്പെട്ടതാകയാൽ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമവും അതിൻ കീഴിലെ ചട്ടങ്ങളും കാലഹരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലോചിതമായ മാറ്റങ്ങൾ സമയോചിതമായി ഭേദഗതികൾ പ്രകാരം നടത്തുന്നുണ്ട്. അർഹരായവർക്ക് ക്രയ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും അവ്യക്തതയും അപ്രായോഗികതയും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ